**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2676** **06-10-2025 - ൽ മറുപടിയ്ക്ക്**

**കടൽ മണൽ ഖനനനീക്കത്തെ പ്രതിരോധിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള തീരത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട് 2002 മുതൽ നിലവിലിരുന്ന ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ട്, 2023ൽ ഭേദഗതി വരുത്തുകയും എന്നാൽ ഈ നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ് എന്ന് കാണപ്പെട്ടതിനെ തുടർന്ന് ആയതിന്റെ കരട് ഭേദഗതിയിന്മേൽ നടത്തിയ അഭിപ്രായസ്വരൂപണ വേളയിൽ തന്നെ സംസ്ഥാനം ശക്തമായ എതിർപ്പ് കേന്ദ്ര ഖനിമന്ത്രാലയത്തെ അറിയിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കണക്കിലെടുക്കാതെ ആക്ടിന്റെ ഭേദഗതി 11.08.2023ൽ നിലവിൽ വന്നു. |
| (ബി) | പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടൽ പരിപാലനാവകാശം സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഖനന നീക്കത്തെ പ്രതിരോധിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ (ആർട്ടിക്കിൾ 246) പ്രകാരം "മത്സ്യബന്ധനം" ഒരു സംസ്ഥാന വിഷയമാണ് (ലിസ്റ്റ് II, എൻട്രി 21), കൂടാതെ "പ്രദേശിക ജലാതിർത്തികൾക്കപ്പുറമുള്ള മത്സ്യബന്ധനവും മത്സ്യബന്ധന പ്രവർത്തനങ്ങളും" മാത്രം യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലും (ശുദ്ധജലം, അഴിമുഖങ്ങൾ, കായലുകൾ ഉൾപ്പെടെയുള്ള ഉപ്പുവെള്ളം) കടലിലും അടിസ്ഥാനരേഖയിൽ നിന്ന് 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനത്തിന്റെ വികസനവും മത്സ്യബന്ധനപ്രവർത്തനങ്ങളും ഒരു സംസ്ഥാന വിഷയമാണ്. ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട് 2002-മുതൽ നിലനിന്നിരുന്ന ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ട്, 2023 ൽ ഭേദഗതി വരുത്തുകയും എന്നാൽ ഈ നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് കാണപ്പെട്ടതിനെ തുടർന്ന് കരട് ഭേദഗതിയിന്മേൽ നടത്തിയ അഭിപ്രായ സ്വരൂപണ |

| | | | |
|---|---|---|---|
| | | | വേളയിൽ തന്നെ സംസ്ഥാനം ശക്തമായ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും എന്നാൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കണക്കിലെടുക്കാതെ ആക്ടിന്റെ ഭേദഗതി 11.08.2023 – ൽ നിലവിൽ വന്നു. ഈ ഭേദഗതിയിലൂടെ ഖനന മേഖലയിൽ സ്വകാര്യ മേഖലയ്ക്കും പങ്കാളിത്തം നൽകി. സ്വകാര്യ മേഖലയുടെ സ്വാധീനത്തിൽ അമിത വിഭവ ചൂഷണം നടക്കാനുള്ള സാധ്യത വർദ്ധിക്കുന്നതിനാലും ആഴക്കടൽ ധാതു ഖനനം സമുദ്ര ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ദോഷകരമാകയാൽ പ്രസ്തുത ഉദ്യമത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭ 04.03.2025- ൽ ഐകകണ്ഠ്യേന പാസാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകൾ വ്യക്തമാക്കി ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |
| (സി) | ഓഫ്ഷോർ മേഖലയിലെ ധാതുഖനനം ഏതൊക്കെ രീതിയിൽ സംസ്ഥാനത്തെ തീരദേശത്തെ ബാധിക്കുമെന്നതിനെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | വകുപ്പ് ഇത് സംബന്ധിച്ച പ്രത്യേക പഠനം നടത്തിയിട്ടില്ല. കേരള സർവ്വകലാശാല ഇത് സംബന്ധിച്ച പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഓഫ്ഷോർ മേഖലയിലെ ഖനനം മത്സ്യസമ്പത്തിനെയും, ഇക്കോസിസ്റ്റത്തെയും സാരമായി ബാധിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടി സംസ്ഥാനം ഉയർത്തിയ ശക്തമായ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ഇത് സംബന്ധിച്ച പാരിസ്ഥിതിക പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. |
| (ഡി) | പ്രാദേശിക ജലാശയങ്ങളിൽ ഖനനം അനുവദിക്കാൻ കേന്ദ്ര ഖനി മന്ത്രാലയം നടത്തുന്ന ശ്രമങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രതിരോധിക്കുന്നതിന് വകുപ്പ് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രാദേശിക ജലാശയ ഖനനം സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ